**Mir Mohammed Ali IAS**
Executive Director

**SUCHITWA MISSION**
Local Self Government Department
Government of Kerala

**നം.1071/ഇ2/2020/എസ്.എം** **തീയതി: /12/2020**

പ്രേക്ഷകൻ

എക്സിക്യൂട്ടീവ് ഡയറക്ടർ

സ്വീകർത്താവ്
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ,
കേരളം.

വിഷയം:- ശുചിത്വമിഷൻ-ത.സ്വ.ഭ.വ.-തദ്ദേശ തെരഞ്ഞെടുപ്പ് 2020-പോളിംങ്ങ് സ്റ്റേഷനുകളിൽ നിന്ന് കോവിഡ് മാലിന്യങ്ങൾ സുരക്ഷിതമായി നീക്കം ചെയ്യുന്നത്-നിർദ്ദേശം-നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1. 28/10/2020-ലെ സംസ്ഥാന തെരഞ്ഞടുപ്പ് കമ്മീഷന്റെ സർക്കുലർ നം. ബി/34970/2019/സം.തി.ക.
2. 05-11-2020 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ കത്ത്

വരുന്ന തദ്ദേശ തെരഞ്ഞടുപ്പ് സൂചന(1) പ്രകാരം കോവിഡ്-19 മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ടും, പ്ലാസ്റ്റിക്/ഡിസ്പോസബിൾ രഹിതമായും നടത്തപ്പെടുകയാണല്ലോ. ഹരിതതെരഞ്ഞടുപ്പിനായി ശുചിത്വമിഷന്റെ നേതൃത്വത്തിൽ വ്യാപക പ്രചരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. സൂചന(1) നിർദ്ദേശത്തിൽ പോളിംങ്ങ് സ്റ്റേഷനുകളിലെ ജൈവ അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സംഭരിക്കുന്നതിനും, സംസ്ക്കരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

എന്നാൽ ഉപയോഗിച്ച ഗ്ലൗസ്, മാസ്ക്, പി.പി.ഇ. കിറ്റുകൾ തുടങ്ങിയവ കോവിഡ് മാലിന്യത്തിന്റെ വിഭാഗത്തിലാണ് വരുന്നത്. ആയത് ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിനുള്ള സൗകര്യം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലില്ല. കോവിഡ് മാലിന്യം വിദഗ്ദ്ധരായ ആരോഗ്യവിഭാഗം ജീവനക്കാർ മുഖേന കൈകാര്യം ചെയ്യുന്നതാകും ഉചിതമെന്ന് കരുതുന്നു. കൂടാതെ കോവിഡ് രോഗികൾക്കും നിരീക്ഷണത്തിലുള്ളവർക്കും വോട്ട് ചെയ്യാൻ പ്രത്യേക സമയം അനുവദിച്ചിരിക്കുന്ന സാഹചര്യത്തിൽ കോവിഡ് മാലിന്യം ഓരോ ബൂത്തുകളിലും രൂപപ്പെടാൻ സാധ്യതയുണ്ട്. കോവിഡ് മാലിന്യങ്ങൾ നിലവിൽ ഇൻഡ്യൻ മെഡിക്കൽ അസോസിയേഷന് കീഴിലെ ഇമേജ് മുഖേനയാണ് ആരോഗ്യവകുപ്പ് ശാസ്ത്രീയമായി സംസ്ക്കരിച്ച് വരുന്നത്. അത്തരത്തിൽ ഓരോ പോളിംങ്ങ് സ്റ്റേഷൻ/ബൂത്തുകളിലെയും പ്രസ്തുത കോവിഡ് മാലിന്യങ്ങൾ ശേഖരിക്കുന്നതിനും ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിനും ആവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുന്നതിന് ആരോഗ്യവകുപ്പ് ,ഇമേജ് എന്നീ സ്ഥാപന മേധാവികൾക്ക് അങ്ങയുടെ നിർദ്ദേശം അടിയന്തിരമായി നൽകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

എക്സിക്യൂട്ടീവ് ഡയറക്ടർ

Swaraj Bhavan, Basement Floor (-1), Kowdiar P.O., Nanthencode, Thiruvananthapuram- 695 003
Ph: 0471-2316334, 2312730, 2319830, Fax 0471 - 2312730, E-mail : ed.sm@kerala.gov.in, edsuchitwamission@gmail.com